നം.കെഎസ്എ-കെടിഎം.പി.10-1791/2016 തീയതി 03.12.2016

# കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**കോട്ടയം** ജില്ലയിലെ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **15** എണ്ണത്തിനും മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.11.2016- 16.11.2016 |
| ഉദ്യോഗസ്ഥർ | ശ്രീ.ഷൈജു.എസ്.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ. രതീഷ് സി ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.എംആർ രേണുകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനു എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. വാസന്തി തങ്കേശൻ | 01.04.2015-31.10.2015 |
| | അഡ്മിട്രേറ്റീവ് കമ്മിറ്റി | 01.11.2015-11.11.2015 |
| | ശ്രീ.ആനന്ദ് പഞ്ഞിക്കാരൻ | 12.11.2015-31.03.2016 |
| സെക്രട്ടറി | ശ്രീ.സൈമൺ വർഗീസ് | 01.04.2015-30.11.2015 |
| | ശ്രീ.ടോം കെ ജോസഫ്, അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി- ഇൻ-ചാർജ്) | 01.12.2015-21.03.2016 |
| | ശ്രീ.പ്രദീപ് പി ജി, ജൂനിയർ സൂപ്രണ്ട്(സെക്രട്ടറി-ഇൻ-ചാർജ്) | 22.03.2016-31.03.2016 |

## നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ശ്രീമതി സൗമ്യ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01.14.15 -31.03.16 |
| ശ്രീ.കെ മനോഹരൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.14.15 -31.08.15 |

| | | |
|---|---|---|
| ശ്രീമതി ജയലക്ഷ്മി എൻ | | 01.09.2015-31.03.2016 |
| ശ്രീമതി ആര്യ വി സി | കൃഷി ഓഫീസർ | 01.04.2014-31.03.2016 |
| ശ്രീ.ഗിരീഷ് കെ ദാസ്<br>ശ്രീ.വി. ദിലീപ് കുമാർ | വി.ഇ.ഒ | 01.04.2015 – 31.13.2016<br>01.04.2015 - 31.13.2016 |
| ശ്രീമതി ത്രേസ്യാമ്മ എം എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01.04.2015 - 31.13.2016 |
| ഡോ.ലിഷ പോൾ<br>ഡോ.റോസ്ലിൻ ജോസഫ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01.04.2015-21.08.2015<br>22.08.2015-31.03.2016 |
| ശ്രീമതി ഇ കെ ഓമന | എച്ച് എം | 01.04.2015-31.03.2016 |
| ഡോ.കുക്കു അച്ചാമ്മ പുളിമൂട്<br>ഡോ.ബിജു | വെറ്ററിനറി സർജൻ | 01.04.2015-27.05.2015<br>28.05.2015-31.03.2016 |

**<u>ഉള്ളടക്കം</u>**


| ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനതുവരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ആഭ്യന്തര നിയന്ത്രണം | 1-9 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2-- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| തൊഴിൽ നികുതി | 2-2 |
| ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല | 2-2-1 |
| സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2-2 |
| തൊഴിൽ നികുതി--കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-2-3 |

| | |
|---|---|
| വാടക കുടിശിക ഇൗടാക്കിയിട്ടില്ല | 2-4 |
| ഭാഗം 3—ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ--അപാകതകൾ | 3-1 |
| വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകൾ--വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല—ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| വി.ഇ.ഒ നടപ്പാക്കിയ പദ്ധതി--ഭവന നിർമ്മാണം (ആശ്രയ) തുക വിനിയോഗിച്ചിട്ടില്ല | 3-3 |
| വിവിധ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് ചെലവഴിക്കാത്ത തുക തിരികെ ഇൗടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 3-4 |
| വിനിയോഗ വിവരങ്ങൾ ലഭ്യമല്ല—ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ | 3-6 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-7 |
| ഭാഗം 4-- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഒാഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1. 1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 4795373 | 34071131.94 | 29275758.94 | |
| വരവ് | 242648527 | 39738425 | | 202910102 |

| | | | | |
|---|---|---|---|---|
| ആകെ | 247443900 | 73809556.94 | | 173634343.06 |
| ചെലവ് | 236133235 | 47469020 | | 188664215 |
| നീക്കിയിരിപ്പ് | 11310665 | 26340536.94 | 15029871.94 | |

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 01.07.2016 | ഇല്ല | ഇല്ല |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 14.11.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇൗ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട് |

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34071131.94 |
| വരവ് | 39738425 |
| ആകെ | 73809556.94 |
| ചെലവ് | 47469020 |
| നീക്കിയിരിപ്പ് | 26340536.94 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ ചെലവ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1916722 | 619285 + 5854827 (ട്രാൻസ്ഫർ ക്രഡിറ്റ്) | 8390834 | 8390834 | 0 | 8390834 | 0 |
| വികസനഫണ്ട് എസ്.സി.പി. | 361100 | 792775 | 1153875 | 91775 | 236100 | 1153875 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1714129 | 2903036 | 4617165 | 4617165 | 0 | 4617165 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1106738 | 203490 | 1310228 | 1310228 | 0 | 1310228 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1533434 | 6404242 | 7937676 | 5047853 | 2889823 | 7937676 | 0 |
| ലോകബാങ്ക് | 2828566 | 2538601 | 5367167 | 2638263 | 2728904 | 5367167 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 75537385 | 141 | 32236959 | 46 | 54 | 59 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2015/DPC/DPO/KTM തീയതി 23.07.2016പ്രകാരം അംഗീകാരം ലഭിച്ചു.

**ഗ്രാമസഭകളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിലെ 2015-16 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാണ്. പഞ്ചായത്തിലെ 16 വാർഡുകളിലും അഞ്ച് മാസം കൂടുമ്പോഴാണ് ഗ്രാമസഭാ യോഗം ചേർന്നിട്ടുള്ളത്. ബഡ്ജറ്റ് നിർദേശങ്ങൾ, പദ്ധതി നിർദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള യോഗങ്ങൾ മാത്രമാകുന്നു.

ഗ്രാമസഭ കൃത്യമായി നടത്തുന്നതിനും (മൂന്ന് മാസത്തിലൊരിക്കൽ) ഗ്രാമസഭയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും, ക്വാറം തികയുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥർ, വി ഇ ഒ എന്നിവരെ ഗ്രാമസഭാ യോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വാർഷിക പദ്ധതി- നേട്ടങ്ങളും, കോട്ടങ്ങളും**

**നേട്ടങ്ങൾ**

സമഗ്ര നെൽകൃഷി വികസനം, ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ്, പച്ചക്കറിത്തൈ വിതരണം, മുട്ടക്കോഴി വിതരണം തുടങ്ങിയ പ്രോജക്ടുകൾ ഉത്പാദനമേഖലയിൽ നടപ്പാക്കി.

**കോട്ടങ്ങൾ**

- ആസൂത്രണം ചെയ്ത 241 പ്രോജക്ടുകളിൽ 141 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.
- വാർഷിക പദ്ധതിക്കു വേണ്ടി 29948268 രൂപ തനത് ഫണ്ടിൽ വകയിരുത്തിയെങ്കിലും 9194221 രൂപ മാത്രമാണ് ചെലവഴിച്ചത്.(ചെലവ് ശതമാനം 30.7)
- പട്ടികവർഗ വിഭാഗത്തിന് മൂന്ന് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് 71000 രൂപ വകയിരുത്തിയെങ്കിലും ചെലവഴിച്ചില്ല.
- സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുത്തില്ല.

## 1-7 തനത് വരുമാനം.

2014-15 വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.5 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6997883 | 6873357 | (-)124526 | (-)1.7 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 5654486 | 7179943 | (+)1525457 | (+)26.97 |
| മറ്റുവരവുകൾ | 178832 | 452682 | (+)273850 | (+)153 |
| ആകെ | 12831201 | 14505982 | (+)1674781 | (+)13.05 |

### 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 282360 | 159 |
| കർഷകതൊഴിലാളി പെൻഷൻ | 9195990 | 1059 |
| വിധവാപെൻഷൻ | 5231600 | 505 |
| വാർദ്ധക്യകാലപെൻഷൻ | 551320 | 745 |
| വികലാംഗപെൻഷൻ | 2182800 | 211 |
| അവിവാഹിത പെൻഷൻ | 249360 | 23 |
| വിവാഹധനസഹായം | 90000 | 3 |

### 1-9 ആഭ്യന്തരനിയന്ത്രണം

കൃത്യമായ ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകൾക്ക് ചുമതലകൾ കൈമാറിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥരുടെ റിക്വസിഷനുകളുടേയും അലോട്ട്മെന്റ് ലെറ്ററുകളുടേയും അടിസ്ഥാനത്തിൽ ആണ് ഫണ്ടുകൾ കൈമാറുന്നത്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ ക്രമമായി അനുബന്ധരേഖകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. വിമുക്ത ഭടൻമാരുടെ വസ്തുനികുതിയിളവുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാടകയിനത്തിലുള്ള കുടിശ്ശികയുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2016 | 08/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.06.2014- 21.06.2014 | 2009-2010 - 2013-2014 | LBA(HQ)II/8A2168/169, 24.07.2014 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വേളയിൽ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ബി-9 ഷെഡ്യൂളിലെ അഡ്വാൻസായി ലഭിച്ച വരവിനങ്ങളുടെ(തൊഴിൽ നികുതി- ട്രേഡേഴ്സ്, ഡി & ഒ) കൃത്യത വ്യക്തമല്ല.

3. ബി-9 ഷെഡ്യൂളിലെ തുകകൾ ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4. ബി- 15 ഷെഡ്യൂളിലെ കിട്ടാനുള്ള തുകകൾ(Sundry Debtors) പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസി ഷീറ്റിൽ ബി-7 ഷെഡ്യൂളിൽ ബാധ്യതായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

6. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിലെ വിവിധ ഷീർഷകങ്ങളിലെ തുകയുടെ കൃത്യത വ്യക്തമല്ല.

7. പൂർത്തീകരിച്ച വർക്കുകൾ മുഴുവനും ആസ്തിയായി അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

8. ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുകകൾ മുഴുവനും ക്യാപിറ്റൽ കോൺട്രിബ്യൂഷനായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. പാർട്ട് ബിൽ നൽകിയ തുകകൾ മുഴുവനും ക്യാപിറ്റൽ വർക്കി ഇൻ പ്രോഗ്രസ് ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

11. വാർഷിക കണക്ക് പ്രകാരമുള്ള അക്രൂ ചെയ്ത വരവിനങ്ങൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(വസ്തുനികുതി, തൊഴിൽ നികുതി- ട്രേഡേഴ്സ്, ഡി & ഒ)

12. പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല- മുൻവർഷത്തെ ബി-1 ഷെഡ്യൂളിലെ Excess of Income Over Expenditure തുകയുടെ നീക്കിയിരുപ്പും തൻവർഷത്തെ മുന്നിരുപ്പും പൊരുത്തപ്പെടുന്നില്ല.

13. അഡ്വാൻസ് രജിസ്റ്റർ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ക്രമീകരിക്കാത്ത മുൻകൂറുകൾ മുഴുവനും ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 തൊഴിൽ നികുതി

## 2-2-1 ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല

2015-16 രണ്ടാം അർദ്ധവർഷം മെഡിക്കൽ കോളജിലെ 56 ഡോക്ടർമാർ ഉൾപ്പെടെ 65 ജീവനക്കാരും, മെഡിക്കൽ കോളജ് ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റിയിലെ 19 ജീവനക്കാരും, ഗവൺമെന്റ് നഴ്സിംഗ് കോളജിലെ ഒരു ജീവനക്കാരിയും തൊഴിൽ നികുതി ഒടുക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി അധികൃതർക്ക് കത്ത് (ബി.3-252/2016/08.07.16) നൽകിയതിനെ തുടർന്ന് 27 പേർ പിഴപ്പലിശ സഹിതം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. നികുതിയൊടുക്കാൻ അവശേഷിക്കുന്ന ഡോക്ടർമാരുടേയും ജീവനക്കാരുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ. ഗവൺമെന്റ് മെഡിക്കൽ കോളജ്

| ക്രമ.നം. | പേര് | വകുപ്പ് |
|---|---|---|
| 1 | ഡോ.റംല ബീവി, പ്രിൻസിപ്പാൾ | |
| 2 | ഡോ.ലൈല രാജി എൻ, പൊഫസർ | പതോളജി |
| 3 | ഡോ.രമണി പി.റ്റി., പ്രൊഫസർ | ഫാർമക്കോളജി |
| 4 | ഡോ.സന്തോഷ് ജോയി, അസി.പ്രൊഫസർ | |
| | | |

| | | |
|---|---|---|
| 5 | ഡോ.സഖറിയ തോമസ്, അസോ.പ്രൊഫസർ | ഫോറൻസിക് മെഡിസിൻ |
| 6 | ഡോ.രാജീവ് എം, അസോ.പ്രൊഫസർ | |
| 7 | ഡോ.ജയിംസ് കുട്ടി ബി.കെ. അസി.പ്രൊഫസർ | |
| 8 | ഡോ.ടോമി മാപ്പളക്കാലായിൽ, പൊഫസർ | |
| 9 | ഡോ.ജിജു വി.എസ്, അസി.പ്രൊഫസർ | |
| 10 | ഡോ.ശ്രീജിത്ത് ബാബു, അസി.പ്രൊഫസർ | മെഡിസിൻ |
| 11 | ഡോ.കെ.സി.ജോർജ്ജ്, അസി.പ്രൊഫസർ | |
| 12 | ഡോ.ലിസി സ്കറിയ, അസി.പ്രൊഫസർ | ഡെർമറ്റോളജി (ഡി & വി) |
| 13 | ഡോ.സദറുദീൻ അഹമ്മദ്, അസി.പ്രൊഫസർ | ഇ.എൻ.റ്റി. |
| 14 | ഡോ.കുഞ്ഞമ്മ ജോർജ്ജ്, അസി.പ്രൊഫസർ | അനസ്തേഷ്യ |
| 15 | ഡോ.ബാബുരാജ് സി, അസി.പ്രൊഫസർ | |
| 16 | ഡോ.മഞ്ജുഷ എസ് മേനോൻ, അസി.പ്രൊഫസർ | |
| 17 | ഡോ. ലക്ഷ്മി ഗുപ്തൻ, അസി.പ്രൊഫസർ | സൈക്യാട്രി |
| 18 | ഡോ.അജിത സി., അസോ.പ്രൊഫസർ | |
| 19 | ഡോ.എലിസബത്ത് മാത്യു, ലക്ച്ചറർ | |
| 20 | ഡോ.കെ.പി.വേണുഗോപാൽ, അസി.പ്രൊഫസർ | പൾമനറി മെഡിസിൻ |
| 21 | ഡോ.റസീല കരുണാകരൻ, അസോ.പ്രൊഫസർ | |
| 22 | ഡോ.സാഹ്ജി പി, അസോ.പ്രൊഫസർ | സി.റ്റി.വി.എസ്. |
| 23 | ഡോ.സെബാസ്റ്റ്യൻ എബ്രഹാം, അസോ.പ്രൊഫസർ | |
| 24 | ഡോ.ഉഷ സാമുവൽ, അസി.പ്രൊഫസർ | നെഫ്രോളജി |
| 25 | ഡോ.കെ.പി.ജയകുമാർ, പ്രൊഫസർ | |
| 26 | ഡോ.സജിത് കുമാർ, പ്രൊഫസർ | ഇൻഫെക്ഷിയസ് ഡിസീസ് |
| 27 | ഡോ.ജോബൻ ജോൺ, അസി.പ്രൊഫസർ | |
| 28 | ഡോ.വി.ഹരികൃഷ്ണൻ, അസി.പ്രൊഫസർ | ട്രൂമാറ്റിക് സർജറി |
| 29 | ഡോ.ജയ്മൊൾ സക്കറിയ, അസി.പ്രൊഫസർ | ഫിസിയോളജി |
| 30 | ഡോ.രാജു ജോർജ്ജ്, പ്രൊഫസർ | അനാട്ടമി |
| 31 | ഡോ.ദീപ എസ്.കുമാർ, അസി.പ്രൊഫസർ | പീഡിയാട്രിക്സ് |
| 32 | ഡോ.മനോജ് എസ്, അസി.പ്രൊഫസർ | കാൻസർ കെയർ സെന്റർ |

| | | |
|---|---|---|
| 33 | ഡോ.മാത്യു ആർ.ജോൺ, സൈക്യാട്രിസ്റ്റ് | കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം |

ബി. ഗവൺമെന്റ് മെഡിക്കൽ കോളജ്

| ക്രമ.നം. | പേര് | പദവി |
|---|---|---|
| 1 | ശ്രീമതി കെ.സുലോചന | സെലക്ഷൻ ഗ്രേഡ് |
| 2 | ശ്രീമതി എസ്.എൻ.വേദവതിയമ്മ | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| 3 | ശ്രീമതി മനോഹരൻ കെ.എൻ. | |
| 4 | ശ്രീമതി ബിന്ദു ജി. | ലൈബ്രേറിയൻ |
| 5 | ശ്രീ.ജോസ് പി.ജോൺ | ടെക്നിക്കൽ അസിസ്റ്റന്റ് |

സി. മെഡിക്കൽ കോളജ് ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റി

| ക്രമ.നം. | പേര് | പദവി |
|---|---|---|
| 1 | ശ്രീമതി ഉഷ എ. | |
| 2 | ശ്രീ.പത്മകുമാരി റ്റി.ജി. | |
| 3 | ശ്രീമതി സൈബി എം, ജോസഫ് | |
| 4 | ശ്രീമതി എമിലി മാത്യു | |
| 5 | ശ്രീമതി റജീന മാത്യു | സ്റ്റാഫ് നഴ്സ് |
| 6 | ശ്രീമതി ശ്രീകല ഇ.റ്റി. | |
| 7 | ശ്രീമതി ബിന്ദു തോമസ് | |
| 8 | ശ്രീമതി ജിൻസ് ജോർജ്ജ് | |
| 9 | ശ്രീമതി ഷീന കുര്യൻ | |
| 10 | ശ്രീ.ഫസലുദ്ദീൻ കെ.ജി. | കൗണ്ടർ സ്റ്റാഫ് |
| 11 | ശ്രീ.ടോമിച്ചൻ പി.വി. | ഡ്രൈവർ |
| 12 | ശ്രീ.എൻ.ഇ.രാജപ്പൻ | പ്ലംബർ |
| 13 | ശ്രീമതി ബിൻസിമോൾ ബേബി | ലാബ് ടെക്നീഷ്യൻ |
| 14 | ശ്രീമതി പാർവ്വതി ചന്ദ്രൻ | |
| 15 | ശ്രീമതി ഗീത പി.പുരുഷോത്തമൻ | ഇസി.ജി.ടെക്നീഷ്യൻ |
| 16 | ശ്രീമതി അജിതകുമാരി സി.കെ | റേഡിയോ ഗ്രാഫർ |
| 17 | ശ്രീ.ജോസ് ആന്റണി ബി. | |
| 18 | ശ്രീ.മഞ്ജു എൻ.ജോൺ | ഫാർമസിസ്റ്റ് |
| 19 | ഡോ.അഞ്ജുമേരി ദേവസ്യ | അനസ്തേഷ്യോളജിസ്റ്റ് |

**ഡി. ഗവൺമെന്റ് നഴ്സിംഗ് കോളജ്**

| ക്രമ.നം. | പേര് | പദവി |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി സ്മിത | അസി.പ്രൊഫസർ |

ഇ. ഡയനോവ ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്

പഞ്ചായത്ത് പ്രവിശ്യയിൽ പ്രവർത്തിച്ചുവരുന്ന ഡയനോവ ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2015-16 വർഷത്തെ ഇരുപകുതികളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പേര് | ആദ്യ പകുതി | രണ്ടാം പകുതി | ആകെ |
|---|---|---|---|---|
| 1 | ശ്രീമതി ഐശ്വര്യ ഗോപാലകൃഷ്ണൻ | 180 | 180 | 360 |
| 2 | ശ്രീമതി ഷൈലമ്മ ജൈസൺ | 180 | 180 | 360 |
| 3 | ശ്രീമതി അന്ന ഷെറിൻ ജോർജ്ജ് | 180 | 180 | 360 |
| 4 | ശ്രീമതി ദീപ്തിമോൾ പി.ആർ | 180 | 180 | 360 |
| 5 | ശ്രീമതി വത്സമ്മ ജോസഫ് | 180 | 180 | 360 |
| | ആകെ | 900 | 900 | 1800 |

മേൽ പട്ടികകളിൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പ്രവിശ്യയിൽ പ്രവർത്തിച്ചുവരുന്ന കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി, ആർപ്പൂക്കര റൂറൽ കേ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ 2013-14 മുതൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്നില്ല. പ്രതിവർഷം 2500/- രൂപ വച്ച് മൂന്ന് വർഷത്തെ കുടിശികയായ 7500/- രൂപ വീതം സ്ഥാപന തൊഴിൽ നികുതി ഒടുക്കണമെന്ന് (15-16 വരെയുള്ള) കാണിച്ചുകൊണ്ട് പഞ്ചായത്ത് സെക്രട്ടറി ഇരു സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണെങ്കിലും നാളിതുവരെ ആയത് ലഭിച്ചിട്ടില്ല. 2016-17 വരെയുള്ള സ്ഥാപന തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2-3 തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചയത്തിന്റെ പ്രധാന വരവിനങ്ങളിൽ ഒന്നായ തൊഴിൽ നികുതിയുടെ ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടേയും (47,17,640) വ്യാപാരികളുടേയും (1,61,182) ഉൾപ്പെടെ ആകെ 48,78,822/- രൂപയാണ് തനത് വർഷത്തെ തൊഴിൽ നികുതി വരവ്. മെഡിക്കൽ കോളജുമായി ബന്ധപ്പെട്ട 47 വിഭാഗങ്ങൾക്ക് പുറമേ 62 സർക്കാർ സർക്കാരേതിര ഓഫീസുകൾ/സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രവിശ്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന തൊഴിൽ നികുതിയുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി സംബന്ധിച്ച് ആവശ്യമായ രജിസ്റ്ററുകൾ കൃത്യമായ എഴുതിയും ആധികാരികമാക്കിയും സൂക്ഷിക്കേണ്ടതാണ്.

### 2-4 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം 2015-16 വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ കടമുറികളുടെ വാടക ഇനത്തിൽ താഴെ വിവരിക്കും പ്രകാരം കുടിശ്ശിക ഉണ്ട്.

| ക്രമ നം | വാടകക്കാരൻ | കടമുറി നം | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | കെ കെ വിജയൻ, തടത്തിൽ | I/825 A | 34,230 | 08/2015- 03/2016 |
| 2 | അനിൽകുമാർ, പുളിങ്കാലയിൽ | I/806-4 | 94,682 | 09/2015- 03/2016 |
| | ആകെ | | 1,28,912 | |

കുടിശ്ശിക നിയമാനുസൃത പിഴപലിശ സഹിതം അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടകയുടെ ഡി സി ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി

ആധികാരികമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം വാടകയിനത്തിലുള്ള തൻ വർഷ കുടിശ്ശിക 12,59,691 രൂപയാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) ഷോപ്പിംഗ് കോംപ്ലക്സിലെ പല മുറികളുടെയും വാടക സംബന്ധിച്ച് കേസ് നടക്കുന്നതിനാൽ കൃത്യമായ ഡിമാന്റ് കണക്കാക്കുവാൻ സാധിക്കാതെ വന്നതിനാലാണ് ഇത്രയും ഭീമമായ അന്തരം വന്നതെന്നാണ് മറുപടി നൽകിയത്. വാർഷിക കണക്കുകൾ പ്രാകാരമുള്ള കുടിശ്ശിക സംബന്ധിച്ച് പരിശോധന നടത്തി അപാകതയുടെ കൃത്യമായ കാരണം കണ്ടെത്തി അറിയിക്കേണ്ടതുമാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ- അപാകതകൾ

1) പ്രോജക്ട് നം.S0158/16-ഭവന പുനരുദ്ധാരണം-എസ്.സി.പി.

12-ാം പദ്ധതി പരിഷ്കരിച്ച് മാർഗ്ഗരേഖ അനുബന്ധം-16 ഖ 3-6 പ്രകാരം ഭവനപുനരുദ്ധാരണ പദ്ധതികൾക്ക് ആനുകൂല്യം നൽകുന്ന വീടുകൾക്ക് 8 വർഷത്തെയെങ്കിലും പഴക്കമുണ്ടായിരിക്കണമെന്നും, എൽ.എസ്.ജി.ഡി എഞ്ചിജിനീയർ അളവുകൾ രേഖപ്പെടുത്തി തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ വീടിന്റെ പഴക്കം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവുകൾ രേഖപ്പെടുത്തി തയ്യാറാക്കി നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 75000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം. | ഗുണഭോക്താവ് | ഡി.ഡി.നം, തീയതി | തുക |
|---|---|---|---|
| 1 | ശ്രീമതി ശ്രീജ കെ.ആർ., കറുകച്ചേരിൽ, വില്ലൂന്നി പി.ഒ. | 303599/12.08.15 | 25000 |
| 2 | ശ്രീമതി ശാന്തമ്മ, ഇതുപതിൽ, ചീപ്പുങ്കൽ | 303597/12.08.15 | 25000 |
| 3 | ശ്രിമതി ശശിധരൻ, ചിറയിൽ, വില്ലൂന്നി | 303598/12.08.15 | 25000 |
| | ആകെ | | 75000 |

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകൾ- വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രത്യേക കന്നുകുട്ടി പരിപാലനം, തെരുവ് നായ വന്ധ്യംകരണം എന്നീ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ട് നം, പേര് | നൽകിയ തുക | ഡി.ഡി.നം., തീയതി | തുക കൈമാറി കിട്ടിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | എസ്.32/2016<br>പ്രത്യേക കന്നുകുട്ടി പരിപാലനം | 312500 | 364310/06.10.15 | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം |
| 2 | എസ്.253/2016<br>തെരുവ് നായ വന്ധ്യംകരണം | 200000 | 304658/28.01.16 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം |

നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 3-3 വി ഇ ഒ നടപ്പാക്കിയ പദ്ധതി- ഭവന നിർമ്മാണം(ആശ്രയ)- തുക വിനിയോഗിച്ചിട്ടില്ല

വി.ഇ.ഒ. കരിപ്പൂത്തട്ട് നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് എസ്.108/2016 പ്രകാരം ഭവനനിർമ്മാണ (ആശ്രയ) ത്തിനായി 6,00,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ 5,25,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 75000/- രൂപ തനത് ഫണ്ടുമാണ്. പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി പാർവ്വതി വേലായുധൻ എന്ന ഗുണഭോക്താവിന് വീട് നിർമ്മിച്ചു നൽകുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 1,95,000/- രൂപയും (ഡി.ഡി.നം.351821/23.03.16) തനത്ഫണ്ടിൽ നിന്ന് 5000/- രൂപയും (ഡി.ഡി.നം.351547/15.03.16) ഉൾപ്പെടെ ആകെ 2,00,000/- രൂപ കുടുംബശ്രീ യുടെ അക്കൗണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട്. എന്നിരുന്നാലും ഓഡിറ്റ് തീയതി വരെ തുക വിനിയോഗിക്കുന്നതിനുള്ള പ്രാംരംഭനടപടികൾ പോലും തുടങ്ങിയിട്ടില്ല എന്നറിയുന്നു. അന്വേഷണത്തിൽ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങളാലാണ് തുക വിനിയോഗ വൈകുന്നത് എന്ന് വി.ഇ.ഒ. ബോധ്യപ്പെടുത്തി. തടസ്സങ്ങൾ പരിഹരിച്ച് വീട് പണി പൂർത്തിയാക്കുകയോ അല്ലാത്തപക്ഷം തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 വിവിധ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് --ചെലവഴിക്കാത്ത തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചാത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ നൽകിയ മൊബിലൈസേഷൻ അഡ്വാൻസ്/ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുക എന്നിവ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ഈ തുകകളൊന്നും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | അഡ്വാൻസ് നൽകി തീയതി/ വൗച്ചർ നം. | തുക | ഏജൻസി | റിമാർക്ക് |
|---|---|---|---|---|
| 1 | 30.11.2009/ 49-11/09 | 72156 | എെ.സി.എെ.സി.എെ. കിൻഫ്രാ ലിമി. | ബിഒടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം മൊബിലൈസേഷൻ അഡ്വാൻസ് |
| 2 | 30.11.2009 50/11-09 | 77844 | -ടി- | -ടി- |
| 3 | 31.03.2010 233/3-2010 | 170688 | ഡയറക്ടർ, നിർമ്മിതി കേന്ദ്രം | കരിപ്പ വെൽഫയർ സെന്റർ- പുനരുദ്ധാരണം-- മൊബിലൈസൻഷൻ അഡ്വാൻസ് |
| 4 | 28.02.16 1268 & 3783 | 45712+3088 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി., കുമരകം | 16-ാം വാർഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ |
| 5 | 02.03.13/ 1304 | 98665 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, അയ്മനം | 13-ാം വാർഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ |
| 6 | 30.03.13/1510 | 70180 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഗാന്ധിനഗർ | എസ്.സി.കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| 7 | 31.12.2013/ 81/13 | 141113 | -ടി- | 8-ാം വാർഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ |
| 8 | 2014-15 | 547860 | കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ |

| | | | | |
|---|---|---|---|---|
| | പ്രോ.നം.34/15 | | | |
| 9 | 2014-15<br>പ്രോ.നം.220/15 | 94468 | കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് |
| 10 | 2015-16 | 1030000 | കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ വലിക്കൽ |
| | ആകെ | 2351774 | | |

ക്രമ.നം.1 ൽ പരാമർശിച്ച ബി.ഒ.ടി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച് പ്രാഥമിക പഠനം നടത്തി പ്രീ-ഫീസിബിലിറ്റി നോട്ട്, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ കിൻഫ്രാ തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും, പഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. പ്രാഥമിക പഠനത്തിന് ചെലവായ തുക കിഴിച്ച് ബാക്കി തുക കിൻഫ്രാ നാളിതുവരെ തിരികെ നൽകിയിട്ടില്ല. ക്രമ.നം.2 ൽ പരാമർശിച്ച കരിപ്പവെൽഫയർ സെന്റർ കെട്ടിട നിർമ്മാണം വസ്തു തർക്കത്തെത്തുടർന്ന് നിർമ്മാണം ആരംഭിക്കാനാവാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു. എന്നാൽ നിർമ്മിതി കേന്ദ്രത്തിന് നൽകിയ അഡ്വാൻസ് തിക തിരികെ ഇൗടാക്കുതന്നിന് നടപടി സ്വീകരിച്ചിട്ടില്ല. മേൽ പരാമർശിച്ച അഡ്വാൻസ് തുക തിരികെ ഇൗടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മേൽ പരാമർശിച്ച അഡ്വാൻസ് തുകകൾ തിരികെ ഇൗടാക്കുന്നതിനുള്ള തീരുമാനങ്ങൾ 06.02.15 ലെ XII(2), 16.05.15 ലെ 4(1), 01.01.16 ലെ III(VII) എന്നിവ പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും തുക തിരികെ ഇൗടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇൗ അഡ്വാൻസുകളിൽ നിന്നുള്ള പ്രാഥമിക ചെലവ് കഴിച്ചുള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഇൗടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വിനിയോഗവിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

താഴെപറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ അവയെ്ക്കതിരെ കാണിച്ചിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു

| ക്രമനം | വൗച്ചർനം/ മാസം | പ്രോജക്റ്റ്നം | പ്രോജക്ടിന്റെ പേര് | തുക | ഡി.ഡി നം/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | തടസ്സപ്പെടുത്താനുള്ള കാരണം |
|---|---|---|---|---|---|---|---|
| 1 | 5150028-7/ 15-16 | എസ്.ഒ.20/ 15-16 | വിവിധ വാർഡുകളിൽ പോസ്റ്റ്ഷിഫ്റ്റിംഗ് | 115820 | 351290/ 29-2-16 | അസി.എഞ്ചിനിയർ, കെ.എസ്.ഇ.ബി, ഗാന്ധിനഗർ | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. |
| 2 | - | 19/" | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 155500 | 351502/ 11-3-16 | " " കുമരകം | " " |
| 3 | - | 283/" | എെ.എ.വൈ വിഹിതം (എസ്.സി) | 97500 | 351633/ 15-14-16 | സെക്രട്ടറി, ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് | " " |
| | | | ആകെ | 368820 | | | |

## 3-6 അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ

**എ) പ്രോജക്ട് നം.എസ്ഒ 195/2016-മാലിന്യ സംസ്കരണം**

ഈ പ്രോജക്ട് പ്രകാരം മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റ്, പരിസര പ്രദേശങ്ങൾ, ബാബു ചാഴിക്കാടൻ റോഡ് തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യങ്ങൾ ലോറിയിൽ കയറ്റി 5 കി.മീ. ദൂരത്തേയ്ക്ക് നീക്കം ചെയ്യുന്നതിന് ശ്രീ.സി.വി.സെബാസ്റ്റ്യൻ എന്ന കോൺട്രാക്ടർക്ക് കരാർ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ തീയതികളിലായി 44 ലോഡ് മാലിന്യം നീക്കം ചെയ്തതായി കാണിച്ച് ഡെയ്‌ലി റിപ്പോർട്ട്, മെമ്പറുടെ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് 85297/- രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്തിന് സ്വന്തമായി ഡമ്പിംഗ് യാർഡ്, മാലിന്യ സംസ്കരണ കേന്ദ്രം എന്നിവയില്ലാത്തതിനാൽ മാലിന്യങ്ങൾ എപ്രകാരം സംസ്കരിച്ചു എന്ന് വ്യകതമല്ല. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മാലിന്യം മണ്ണിട്ട് മൂടുകയാണ് ചെയ്യുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്ത ലോറിയുടെ നമ്പർ, ട്രിപ്പ് ഷീറ്റ്, മാലിന്യം എവിടെ നിന്നും ശേഖരിച്ചു, ഡമ്പ് ചെയ്ത സ്ഥലം തുടങ്ങിയ വിവരങ്ങൾ ഡെയ്‌ലി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വാർഡ്തല ശുചിത്വകമ്മിറ്റിയുടെ റിപ്പോർട്ട്, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവയും ലഭ്യമല്ല. കുറഞ്ഞ കാലയളവിനുള്ളിൽതന്നെ ഇത്രയധികം മാലിന്യം മെഡിക്കൽ കോളജ് പരിസരത്ത് ഉണ്ടാകുന്നുണ്ടായിട്ടും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ലായെന്ന് കാണുന്നു. ആയതിനാൽ നിലവിൽ നടപ്പാക്കുന്ന പദ്ധതി കൃത്യമായി പരിശോധിച്ച് മാത്രം കരാറുകാരന് തുക നൽകുന്നതിനും, മാലിന്യ സംസ്കരണത്തിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുന്ന വിഷയത്തിലേയ്ക്കും അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ബി) റോഡ് നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി നിർവ്വഹിക്കപ്പെടുന്നില്ല

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രവൃത്തികളിൽ അതിന്റെ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പൂർണ്ണമായി നടപ്പാക്കുന്നതായി കാണുന്നില്ല. പല പ്രവൃത്തികളിലും മണ്ണടിക്കൽ, മെറ്റലിംഗ് തുടങ്ങിയ പ്രവൃത്തികൾ മാത്രം നടത്തി അവസാനിപ്പിക്കുന്നതായി കാണുന്നു. തന്മൂലം ഗുണഭോക്താക്കൾക്ക് ആസ്തിയുടെ പൂർണ്ണമായ പ്രയോജനം ലഭിക്കാതെ വരുന്നു. കൂടാതെ മെറ്റലിംഗ് നടത്തിയ റോഡുകൾ വർഷങ്ങൾക്ക് ശേഷം ടാർ ചെയ്യുമ്പോൾ, വീണ്ടും മെറ്റലിംഗ് നടത്തേണ്ടതായും വരുന്നു. ഇത് അധികച്ചെലവിന് ഇടയാക്കുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖ 11-13-IX പ്രകാരം വിവിധ കാരണങ്ങളാൽ ഒരു പ്രവൃത്തി ഒന്നിലധികം വർഷം കൊണ്ടു മാത്രമേ പൂർത്തിയാക്കുവാൻ കഴിയുകയുള്ളുവെങ്കിൽ ബഹു വർഷ പ്രോജക്ടായി തയ്യാറാക്കി പദ്ധതിയുടെ മുഴുവൻ ഘടകങ്ങളും പൂർത്തിയാക്കാമായിരുന്നു. ഫണ്ടുകൾ ലഭ്യമാണെന്നിരിക്കെ പ്രോജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സി) ഗുണഭോക്തൃസമിതി കൺവീനർമാക്ക് നൽകിയ ബില്ലുകളിൽ നിന്നും ബിറ്റുമിൻ വില മാർക്കറ്റ് റേറ്റിൽ പരിമിതപ്പെടുത്തി നൽകിയില്ല

15-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. തൻവർഷം റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്തിട്ടുണ്ട്. 2014 ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള അനുവദനീയമായ വർദ്ധനവ് ചേർത്തതുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾക്ക് ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്ക് 58.06 രൂപയാണ്.

ഗുണഭോക്തൃസമിതി ഹാജരാക്കിയ ബിൽ പ്രകാരം ഒരു കിലോഗ്രാം ബിറ്റുമിന്റെ വില (ബാരൽ വില ഉൾപ്പെടെ) ശരാശരി 37/- രൂപ മാത്രമാണ്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത് 17.2.06 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി ബിറ്റുമിന്റെ വില മാർക്കറ്റ് റേറ്റിൽ പരിമിതപ്പെടുത്തി നൽകണമെന്ന് വ്യക്തമാക്കുന്നു. ഇത് പരിഗണിക്കാതെ ബിറ്റുമിന് അധികം തുക നൽകിയത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഡി) ഗുണഭോക്തൃസമിതി കൺവീനർമാർക്ക് കൈമാറുന്ന പ്രവൃത്തികൾ--പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

15 ലക്ഷം രൂപവരെ അടങ്കൽ ഉള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികളെക്കൊണ്ട നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗരേഖ അനുബന്ധം-16 ഖ.7.11-3 പ്രകാരം പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക-സംഘാടന പരിചയവും ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ ഗുണഭോക്തൃ സമിതികളെ പ്രവൃത്തികൾ ഏൽപ്പിക്കാവൂ എന്നും, ഗുണഭോക്തൃ സമിതി കൺവീനറും ചെയർമാനും ഗുണഭോക്തൃപ്രദേശത്തെ നിവാസികൾ തന്നെ ആയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് സാക്ഷ്യപത്രം സെക്രട്ടറി

നൽകേണ്ടതുമാണ്. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി പ്രവൃത്തികൾ മോണിട്ടർ ചെയ്യേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇവ പാലിച്ചിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിൽ ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ ശരാശരി എസ്റ്റിമേറ്റിലും 10% താഴെ നിരക്കിലാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേന നടത്തുന്നതിനാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചും, പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകിയും വേണം തുടർ വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടത്.

3-7 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**2015-16** സാമ്പത്തികവർഷം **53** പേർക്ക് തൊഴിൽകാർഡ് നൽകുകയും **767** കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തു. ലേബർ ബഡ്ജറ്റ് പ്രകാരം **110** പദ്ധതികൾ വിഭാവനം ചെയ്തതിൽ **66** പദ്ധതികൾ പൂർത്തീകരിക്കുകയും **33872** തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. തോടിന് ആഴം കൂട്ടൽ, തരിശ്ശ് ഭൂമി കൃഷി യോഗ്യമാക്കൽ, ഐ എ വൈ ഭവന നിർമ്മാണം തുടങ്ങിയ പ്രവൃത്തികളായിരുന്നു പ്രധാനമായും നടപ്പാക്കിയത്. പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 7113184 |
| പലിശ്ശ വരവ് | 366 |
| ആകെ | 7113550 |
| ചെലവ് | 7113550 |
| നീക്കിയിരിപ്പ് | 0 |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ഇല്ല**

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ - ഇല്ല

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - ഇല്ല

**4-4. വായ്പ/ വായ്പ തിരിച്ചടവ്** – തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവില്ല.

### 4-5. സ്ഥിരനിക്ഷേപങ്ങൾ- ഇല്ല

### 4-6. ഓഡിറ്റ് റിക്കവറി - ഇല്ല

### 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖഡ്ഢിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖഡ്ഢിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35 | 02-03 | 5-4(1) | പൈപ്പ് ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | 5-4 (2) | പാറപ്പുറം ശുദ്ധജലവിതരണ പദ്ധതി ഗുണഭോക്തൃവിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73809556.94 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47469020 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 443820 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 75000 | ശ്രീം.ടോം കെ.ജോസഫ്, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്ജ്) |
| 3-5 | 368820 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം** – ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ** – ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ - ഇല്ല**

### 4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | നം.എൽ.എഫ്.കെ.പി3/810/03/17.5.04/9.6.04 | - |
| 2000-01 | നം.എൽ.എഫ്.കെ.പി4/677/07/17.12.07 | - |
| 2001-02 | നം.എൽ.എഫ്.കെ.പി4/719/07/21.1.08 | |
| 2002-03 (ചെലവ്) | നം.എൽ.എഫ്.കെ.പി4/243/07/11.2.08 | - |
| 1996-97 (വരവ്) | നം.എൽ.എഫ്.കെ.പി10/277(2)/അദാ.)/14/31.5.14 | - |
| 1998-99(വരവ്) | നം.എൽ.എഫ്.കെ.പി10/277(5)/അദാ.)/14/31.5.14 | - |
| 2002-03(വരവ്) | നം.എൽ.എഫ്.കെ.പി4/743/07/11.2.08 | - |

| | | |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.പി4/989/09/10.6.09/4.10.09 | - |
| 2004-05 | നം.എൽ.എഫ്.കെ.പി4/618/09/29.12.09/27.3.10 | |
| 2005-06 | നം.എൽ.എഫ്.കെ.പി4/619/09/21.2.11 | - |
| 2006-07 | നം.എൽ.എഫ്.കെ.പി4/595/10/24.1.11/8.11.11 | - |
| 2007-08 | നം.എൽ.എഫ്.കെ.പി4/596/10/27.1.11 | - |
| 2008-09 | നം.എൽ.എഫ്.കെ.പി10/26/13/9.4.13 | - |
| 2009-10 | നം.എൽ.എഫ്.കെ.പി10/27/13/9.5.13 | - |
| 2010-11& 2011-12 | നം.എൽ.എഫ്.കെ.പി10/1340/13/22.10.13 | 13 |
| 2012-13 | നം.എൽ.എഫ്.കെ.പി10/281/15/21.4.15 | 13 |
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി10/1133/15/25.1.16 | 11 |
| 14-15 | നം.കെ.എസ്.എ-കെ.ടി.എം.പി10/1130/16/04.08.16 | 36 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെഎസ്എ-കെടിഎം.പി.10-1791/2016** **തീയതി 03.12.2016**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

**ഇ മെയിൽ : doktm.ksad@kerala.gov.in**


1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **ആർപ്പൂക്കര** ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആർപ്പൂക്കര** ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം**